# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :89** 04/06/2018 **ൽ മറുപടിക്ക്**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ **നിന്നും ധനസഹായത്തിനുള്ള കാലതാമസം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.എം. നൗഷാദ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചവർക്ക്, സർക്കാർ ഉത്തരവ് ലഭിച്ചതിന് ശേഷം സഹായ ധനം അനുവദിച്ച് കിട്ടാൻ കാലതാമസം നേരിടുന്നത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കപ്പെട്ട ധനസഹായം വിതരണം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നല്കുന്നതിനായി Direct Benefit Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്. DBT സംവിധാനം പ്രയോജനപ്പെടുത്തുന്നതിലേക്കായി അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷകളിൽ ടി വിവരങ്ങൾ ഉൾപ്പെടുത്തി തുക നേരിട്ട് അക്കൗണ്ടിലേക്ക് നൽകുന്നതിനായി അപേക്ഷകൾ സജ്ജമാക്കുന്നതിനും തഹസിൽദാർമാരെയും വില്ലേജ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

Bindumol K.N

സെക്ഷൻ ഓഫീസർ